LIBRARY ARCHIVES Kerala Legislative Assembly

**പട്ടികജാതി കോളനികളുടെ വികസനത്തിനായി പദ്ധതി**

**213 (2422)** ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി കോളനികളുടെ വികസനത്തിനായി പ്രഖ്യാപിച്ച സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതിയുടെ വിശദാംശം അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതി ലക്ഷ്യം നേടിയില്ലെങ്കിൽ അതിന്റെ കാരണം അവലോകനം ചെയ്തിട്ടുണ്ടോ ;

ഉത്തരം

(എ) 2009- 10 വർഷം പട്ടികജാതി വികസന വകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) എന്നിവ സംയുക്തമായി സംഘടിപ്പിച്ച സർവ്വേ റിപ്പോർട്ട് പ്രകാരം കണ്ടെത്തിയതും അമ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ പട്ടികജാതി കോളനികളിൽ പരമാവധി ഒരു കോടി രൂപ വിനിയോഗിച്ച് സമഗ്ര വികസന പ്രവർത്തനങ്ങൾ നടത്തുന്നത പദ്ധതിയാണ് സ്വയം പര്യാപ്ത ഗ്രാമം. ഇതിനായി 2012-13 സാമ്പത്തിക വർഷം 113 കോളനികളെയും 2013-14 സാമ്പത്തിക വർഷം 103 കോളനികളെയും തെരഞ്ഞെടുത്തിട്ടുണ്ട്. സ്ഥലം എം.എൽ.എ./ എം.പി. എന്നിവരാണ് കോളനികൾ ശിപാർശ ചെയ്യുന്നത്. വിവിധ വികസന പ്രവർത്തനങ്ങൾ സർക്കാർ അംഗീകൃത ഏജൻസികൾവഴി നടപ്പാക്കി വരുന്നു.

(ബി) തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ വകുപ്പുതലത്തിലും, ജില്ലാ തലത്തിലും കളക്ടർ തലത്തിലും അവലോകനം നടത്തി വരുന്നു.

**പട്ടികജാതി വിഭാഗങ്ങളുടെ വായ്പകൾ എഴുതിത്തള്ളാൻ നടപടി**

**214 (2423)** ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗങ്ങൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള എത്ര രൂപ വരെയുള്ള വായ്പകളാണ് എഴുതിത്തള്ളുന്നത് ; ഇകയുടെ പരിധി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് മുതലാണ് വർദ്ധിപ്പിച്ച ഇകയ്ക്ക് പ്രാബല്യം നല്കിയിട്ടുള്ളത് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വായ്പകൾ എഴുതിത്തള്ളുന്നതിനായി എത്ര രൂപയാണ് അനുവദിച്ചത് ; എത്ര പേർക്ക് അതിന്റെ ഗുണം ലഭിച്ചു ; വിവിധ ധനകാര്യ സ്ഥാപനങ്ങൾക്ക് എത്ര രൂപ വീതം നൽകി ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം, 12-1-2009-ലെ സ.ഉ.(പി) നമ്പർ 100/2009/പജപവവിവ പ്രകാരമുള്ള കടം എഴുതിത്തള്ളൽ പദ്ധതി പ്രകാരമുള്ള ആനുകൂല്യം പല ഘട്ടങ്ങളിലായി ദീർഘിപ്പിച്ചു നൽകിയിരുന്നു. കൂടാതെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, ഖാദി ഗ്രാമ വ്യവസായ ബോർഡ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കടിശ്ശികയായിട്ടുള്ളതുമായ 50,000 രൂപ വരെയുള്ള വായ്പകൾ 10-12-2013-ലെ സ.ഉ. (പി) 99/2013/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം എഴുതിത്തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

തുടർന്ന് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും ആദ്യകാലങ്ങളിൽ എടുത്തിട്ടുള്ളതും കടിശ്ശികയായതുമായ 4 വായ്പാ പദ്ധതികൾ പ്രകാരമുള്ള വായ്പാ കടിശ്ശികകൾ എഴുതിത്തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും കോർപ്പറേഷന് 1233.66 ലക്ഷം രൂപ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

ഇതിനുപുറമെ സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർ, സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം വരെയുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കടിശ്ശിക യായിട്ടുള്ളതുമായ വായ്പകൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് 30-3-2015-ലെ സ.ഉ.(അച്ചടി) നമ്പർ 24/2015/പജപവവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവു പ്രകാരമുള്ള പദ്ധതിക്കും തീർപ്പാക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

വായ്പകളുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ട തുകകൾ വിതരണം ചെയ്യേണ്ട നോഡൽ ഏജൻസിയായി പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യഘട്ടം എന്ന നിലയിൽ 10 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**പട്ടികജാതി കുടുംബങ്ങളുടെ സാമ്പത്തിക ഉന്നമനം .**

**215 (2424)** ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി കുടുംബങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനായി പ്രത്യേക ഘടക പദ്ധതിയനുസരിച്ച് 2013-14 - ബഡ്ജറ്റ് വിഹിതം എത്രയായിരുന്നു; അതിൽ എത്ര തുക ചെലവഴിച്ചു ;

(ബി) 2014-15- ലെ ബഡ്ജറ്റ് വിഹിതം എത്രയായിരുന്നു; ഇതുവരെ എത്ര തുക ചെലവഴിച്ചു ; വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി കുടുംബങ്ങളുടെ ഉന്നമനത്തിനായി പ്രത്യേക ഘടക പദ്ധതിയനുസരിച്ചുള്ള 2013-14-ലെ ബഡ്ജറ്റ് വിഹിതം 1,03,154.00 ലക്ഷം രൂപയും ചെലവ് 91,757.11313 ലക്ഷം രൂപയുമാണ്.

(ബി) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 124067.9 ലക്ഷം രൂപയും ചെലവഴിച്ച തുക 90,246.8367 ലക്ഷം രൂപയുമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**

**216 (2425)** ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*

LIBRARY ARCHIVES Kerala Legislative Assembly